**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **10-06-2024 - ല്‍ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തില്‍ സപ്ലൈക്കോ സൂപ്പര്‍ മാര്‍ക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആര്‍. മഹേഷ്** | | **ശ്രീ ജി ആര്‍ അനില്‍<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തില്‍ കുലശേഖപുരം പഞ്ചായത്തിലെ വവ്വാക്കാവ് ജങ്ഷനില്‍ സപ്ലൈകോ സൂപ്പര്‍ മാര്‍ക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസല്‍ പരിഗണയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | പൊതുജനങ്ങള്‍ക്ക് ഉപകാരപ്രദമായ ഒരു പദ്ധതിയെന്ന നിലയില്‍ പ്രസ്തുത സൂപ്പര്‍ മാര്‍ക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കരുനാഗപ്പള്ളി താലൂക്കിലെ കുലശേഖപുരം പഞ്ചായത്തില്‍ വവ്വാക്കാവ് ജംഗ്ഷനില്‍ നിന്നും 2 കിലോമീറ്റര്‍ അകലെ വള്ളിക്കാവ് സൂപ്പര്‍ മാര്‍ക്കറ്റും, 3½ കിലോമീറ്റര്‍ അകലെ സംഘപുര മാവേലി സ്റ്റോറും നിലവില്‍ പ്രവര്‍ത്തിച്ചു വരുന്നുണ്ട്. കൂടാതെ, ടി ജംഗ്ഷനില്‍ തന്നെ 2 സ്വകാര്യ സൂപ്പര്‍ മാര്‍ക്കറ്റുകളും 3 സ്വകാര്യ മൊത്തവ്യാപാര കടകളും പ്രവര്‍ത്തിക്കുന്നുണ്ട്. വവ്വാക്കാവ് പ്രദേശത്ത് കെട്ടിടങ്ങളുടെ വാടക വളരെ കൂടുതല്‍ ആയതിനാല്‍ വാടക രഹിത കെട്ടിടം അനുവദിച്ചു നല്‍കുവാന്‍ കുലശേഖപുരം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്‍കിയിട്ടുണ്ട്. വാടക രഹിതമായി പഞ്ചായത്തില്‍ നിന്നും കെട്ടിടം ലഭ്യമാകുന്ന പക്ഷം വവ്വാക്കാവ് ജംഗ്ഷനില്‍ ഒരു വില്‍പ്പനശാല ആരംഭിക്കുന്നതിനുള്ള തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍